**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1059 04.12.2014 -ലെ മറുപടിയ്ക്ക്

## റൂസ ഫണ്ട് വിനിയോഗത്തിനായി സമർപ്പിച്ച പദ്ധതി

*ചോദ്യം*
ശ്രീ.ആർ.രാജേഷ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെയും കോളേജുകളുടെയും വികസനത്തിനായുള്ള കേന്ദ്ര മിഷനായ രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാന് (റൂസ) കേരളം സമർപ്പിച്ച പദ്ധതി നിർദ്ദേശം കേന്ദ്രം മടക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റൂസയ്ക്ക് വേണ്ടി കേരളം സമർപ്പിച്ച പദ്ധതി കേന്ദ്രം മടക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെടുക മാത്രമാണ് ചെയ്തത്. |
| (ബി) | ഈ പദ്ധതി നിർദ്ദേശം മടക്കാനുണ്ടായ കാരണം വിശദമാക്കുമോ; | (ബി) | |
| (സി) | കേന്ദ്രത്തിനു സമർപ്പിച്ച ഈ പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പദ്ധതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്ന ~~(CD)~~ നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്. |
| (ഡി) | റൂസ ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | റൂസ ഫണ്ട് വിനിയോഗത്തിനായി രണ്ട് വിദഗ്ധസമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>1. ടെക്ക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ സഹായിക്കാനുള്ള വിദഗ്ധ സമിതി.<br>2. സംസ്ഥാന പ്രോജക്റ്റ് ഡയറക്ടറേറ്റ്<br>ആദ്യസമിതിയിൽ സയൻസ് , കോമേഴ്സ് & മാനേജ്മെന്റ് , ആർട്സ് & സോഷ്യൽ സയൻസ് , എഞ്ചിനീയറിംഗ് , ലൈബ്രറി സയൻസ് എന്നീ മേഖലകളിൽ നിന്നുള്ളവരെയാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറിൽ സ്റ്റേറ്റ് റൂസ കോർഡിനേറ്റർക്ക് പുറമേ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് (3) സിസ്റ്റം അനലിസ്റ്റ് (1) ഡാറ്റാ എന്റ്രി ഓപ്പറേറ്റർ (2), റിസർച്ച് ഓഫീസർ (3) എന്നിവരാണ് ഉള്ളത്. |
| (ഇ) | ഈ സമിതി നാളിതുവരെ എത്ര യോഗങ്ങൾ കൂടി എന്നു വ്യക്തമാക്കാമോ; | (ഇ) | 6 ഉന്നത യോഗങ്ങളും 14 സബ് കമ്മിറ്റി യോഗങ്ങളും ചേരുകയുണ്ടായി. |
| (എഫ്) | റൂസ ഫണ്ട് സ്വാശ്രയ വിദ്യാഭ്യാസത്തിന് വിനിയോഗിക്കാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | ഇല്ല. റൂസ മാർഗ്ഗ നിർദ്ദേശപ്രകാരം റൂസ ഫണ്ട് സ്വാശ്രയ വിദ്യാഭ്യാസത്തിന് ഉപയോഗിക്കാൻ പാടില്ല. |

സെക്ഷൻ ഓഫീസർ